**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 13** **12-10-2026-ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കാരായി രാജൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കെ. പ്രേമൻ

ശ്രീ. ജി. സ്റ്റീഫൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** നടപ്പ സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ രണ്ടാം ഗഡു കാലാവധി കഴിഞ്ഞിട്ടും അനുവദിക്കാത്തതിനാൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ പൂർണ്ണമായും സ്തംഭിച്ചിരിക്കുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആകെ വെട്ടിക്കുറച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വികസന ഫണ്ടിന്റെ ഒന്നാം ഗഡു അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതികൾ സ്തംഭിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. 2026-27 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന പദ്ധതി വിഹിതം 30,370 കോടിയായി പുനഃക്രമീകരിച്ചതിനാൽ ആയതിന്റെ 28.5 ശതമാനമായ 8,655.45 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് നിജപ്പെടുത്തുകയുണ്ടായി. പുനഃക്രമീകരിക്കുന്നതിന് മുമ്പ് ടി തുക 10,189 കോടി രൂപയായിരുന്നു.

**(ബി)** മുൻ സർക്കാർ ബജറ്റിൽ തദ്ദേശ സ്ഥാപനങ്ങൾക്കായി വകയിരുത്തിയിരുന്ന തുക പുതുക്കിയ ബജറ്റിലൂടെ ഗണ്യമായി വെട്ടിക്കുറച്ചും, തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം മുൻ സാമ്പത്തിക വർഷം നൽകാനാകാതെ സ്പിൽ ഓവറായി മാറിയ അവസാന ഗഡു നൽകാൻ നിലവിലെ സർക്കാർ തയ്യാറാകാത്തതുമാണ് ഈ കടുത്ത പ്രതിസന്ധിക്ക് കാരണമെന്ന ആക്ഷേപം വസ്തുതാപരമാണോ;

**മറുപടി:** മുൻ വർഷം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കേണ്ട വികസന ഫണ്ടിന്റെ മൂന്നാം ഗഡു തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം അനുവദിച്ചിട്ടില്ലായിരുന്നു. എന്നാൽ ലൈഫ് പദ്ധതി പ്രകാരം മൂന്നാം ഗഡുവിൽ നിന്നും കുറവ് ചെയ്യേണ്ട തുകയായ ₹168.11 കോടി രൂപ കെ.യു.ആർ.ഡി.എഫ്.സിയ്ക്ക് അനുവദിക്കുകയുണ്ടായി. കൂടാതെ നടപ്പ് സാമ്പത്തിക വർഷം നഗര പ്രാദേശിക സർക്കാരുകൾക്ക് മുൻ വർഷം അനുവദിക്കേണ്ട തുകയിൽ നിന്നും 325.10 കോടി രൂപ മുൻ വർഷത്തെ ശീർഷകത്തിൽ തന്നെ അധിക ധനാനുമതിയായി അനുവദിച്ചിട്ടുമുണ്ട്.

**(സി)** തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമല്ലാത്തതിനാൽ സർക്കാർ ആശുപത്രികൾക്ക് മരുന്ന് വാങ്ങാൻ കഴിയാത്ത അവസ്ഥയാണെന്നും അങ്കണവാടികളിലെ പോഷകാഹാര വിതരണം, ബഡ്സ്

സ്കൂളുകളുടെ പ്രവർത്തനം, കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, അതിദരിദ്രർ തുടങ്ങിയ മുൻഗണനാ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** വികസന ഫണ്ടിന്റെ ഒന്നാം ഗഡു അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതികൾ സ്തംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2026-27 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**(ഡി)** സാധാരണക്കാർക്കുള്ള ക്ഷേമ-ആരോഗ്യ പദ്ധതികൾ മുടങ്ങാതിരിക്കാൻ വെട്ടിക്കുറച്ച ബജറ്റ് വിഹിതവും മുടങ്ങിക്കിടക്കുന്ന വികസന ഫണ്ട് ഗഡുക്കളും അടിയന്തരമായി തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2026-27- ലെ പുതുക്കിയ ബജറ്റ് പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ മാറ്റം വരുത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**